ഗ്രാമിൻ കൃഷി മ aus സം സേവ
ഇന്ത്യ കാലാവസ്ഥാ വകുപ്പ്
കേരള കാർഷിക സർവകലാശാല

# അഗ്രോമെറ്റ് ഉപദേശക ബുള്ളറ്റിൻ

**തീയതി : 04-07-2025**

**പാലക്കാട്(കേരളം) കാലാവസ്ഥാ പ്രവചനം - പ്രസിദ്ധീകരിച്ചത് :2025-07-04 ( അടുത്ത 5 ദിവസങ്ങളിൽ 8:30 IST വരെ സാധുവാണ്)**

| ഹവാമാന ಅಂಶ | 2025-07-05 | 2025-07-06 | 2025-07-07 | 2025-07-08 | 2025-07-09 |
|---|---|---|---|---|---|
| മഴ (മില്ലീമീറ്റർ) | 5.0 | 3.0 | 3.0 | 2.0 | 1.0 |
| ടിമാക്സ് (° C) | 30.0 | 30.0 | 30.0 | 30.0 | 30.0 |
| ടിമിൻ (° C) | 23.0 | 23.0 | 23.0 | 23.0 | 23.0 |
| RH I (%) | 88 | 88 | 88 | 88 | 88 |
| RH II (%) | 78 | 78 | 78 | 78 | 78 |
| കാറ്റിന്റെ വേഗത (കിലോമീറ്റർ) | 4 | 4 | 4 | 4 | 4 |
| കാറ്റിന്റെ ദിശ (ഡിഗ്രി) | 250 | 250 | 320 | 270 | 290 |
| ക്ലൗഡ് കവർ (ഒക്ട) | 8 | 7 | 7 | 6 | 5 |
| മുന്നറിയിപ്പ് | ശക്തമായ ഉപരിതല കാറ്റ് | കനത്ത മഴ; ശക്തമായ ഉപരിതല കാറ്റ് | ശക്തമായ ഉപരിതല കാറ്റ് | ശക്തമായ ഉപരിതല കാറ്റ് | ശക്തമായ ഉപരിതല കാറ്റ് |

## മുന്നറിയിപ്പ് സംഗ്രഹം:

കാലാവസ്ഥാ അറിയിപ്പ്:- IMD യുടെ പ്രവചനപ്രകാരം ജില്ലയിൽ നേരിയ തോതിൽ മഴയ്ക്കും, ഒറ്റപ്പെട്ട സ്ഥലങ്ങളിൽ സാമാന്യം ഭേദപ്പെട്ട മഴയ്ക്കും സാധ്യത. 2025 ജൂലൈ 04 മുതൽ 08 വരെ കേരളത്തിൽ ഇടയ്ക്കിടെ ശക്തമായ കാറ്റ് വീശാൻ സാധ്യതയുണ്ട്. ശരാശരിയേക്കാൾ കൂടുതൽ മഴ ലഭിക്കാൻ സാധ്യത.

## കാലാവസ്ഥ മുന്നറിയിപ്പുകൾ (അടുത്ത ദിവസം 08:30 IST വരെ പ്രായോഗികം):

ശക്തമായ കാറ്റ് വീശാൻ സാധ്യതയുണ്ട്

## കാലാവസ്ഥ മുന്നറിയിപ്പുകൾക്കുള്ള agrícolas അനുഭവങ്ങൾ, അനുബന്ധമായ എഗ്രോമെറ്റ് ഉപദേശം:

മഴയില്ലാത്ത സമയത്ത്മാത്രം കീടനാശിനി പ്രയോഗം നടത്തുക. വാഴകൾക്ക് താങ്ങുകാലുകൾ നൽകുക. പച്ചക്കറി പന്തലുകൾ കൂടുതൽ ബലപ്പെടുത്തുക.

| |
|---|
| കർഷകർക്കും, കന്നുകാലികൾക്കും ഇടിമിന്നൽ ഏൽക്കാതിരിക്കാൻ തുറസ്സായ സ്ഥലങ്ങളിൽ നിൽക്കാതിരിക്കുക. |

## പൊതു ഉപദേശം:

| |
|---|
| പൊതുനിർദേശങ്ങൾ:-. വിളകളിൽ കൃതയമായ നീർവാർച്ച സൗകര്യം ഒരുക്കുക. വിളകൾക് താങ്ങുകൾ കൊടുക്കുക. താങ്ങുകൾ കൂടുതൽ ബലപ്പെടുത്താൻ ശ്രദ്ധിക്കുക. പാകമായ വിളകളിൽ കഴിവതും നേരത്തെ തന്നെ വിളവെടുപ്പ് നടത്തുക. രോഗങ്ങളുടെയും കീടങ്ങളുടെയും ആക്രമണം ഒഴിവാക്കുന്നതിനായി കളകളും ഉണങ്ങിയതും രോഗം ബാധിച്ചതുമായ ചെടികളും കൃഷിയിടങ്ങളിൽ നിന്നും നീക്കം ചെയ്തു വൃത്തിയായി സൂക്ഷിക്കുക |

## SMS ഉപദേശം:

| |
|---|
| IMD യുടെ പ്രവചനപ്രകാരം ജില്ലയിൽ നേരിയ തോതിൽ മഴയ്ക്കും, ഒറ്റപ്പെട്ട സ്ഥലങ്ങളിൽ സാമാന്യം ഭേദപ്പെട്ട മഴയ്ക്കും സാധ്യത. |

## വിള നിർദ്ദിഷ്ട ഉപദേശം:

| വിള | വിള നിർദ്ദിഷ്ട ഉപദേശം |
|---|---|
| അരി | നെല്ല് (വിരിപ്പ്) -പരിചരണം -നെല്ലിന് ഒരു ഏക്കറിന് 140 കിലോ എന്ന തോതിൽ കുമ്മായം ഇട്ടു 10 ദിവസത്തിന്ശേഷം അടിവളം നന്നായി ചേർത്ത്കൊടുക്കുക. മണ്ണ് പരിശോധന അടിസ്ഥാനത്തിൽ വേണം രാസവളങ്ങൾ കൊടുക്കാൻ. പൊതു ശുപാർശ അനുസരിച്ചു മധ്യകാല മൂപ്പുള്ള ഇനങ്ങൾക്ക് അവസാനത്തെ പൂട്ടിന്റെ സമയത്തു 90 കിലോ രാജ്ഫോസ്, 40 കിലോ യൂറിയ, 15 കിലോ പൊട്ടാഷ് എന്നിവ ഒരു ഏക്കറിന് എന്ന തോതിൽ അടിവളമായി നൽകാം. വെള്ളം നിയന്ത്രിക്കാൻ കഴിയാത്ത പാടങ്ങളിൽ ഞാറു പറിച്ചു നട്ടു 10 ദിവസത്തിനുള്ളിൽ ഈ വളങ്ങൾ നൽകാവുന്നതാണ്. |

## ഹോർട്ടി കൾച്ചർ നിർദ്ദിഷ്ട ഉപദേശം:

| ഹോർട്ടി കൾച്ചർ | ഹോർട്ടി കൾച്ചർ നിർദ്ദിഷ്ട ഉപദേശം |
|---|---|
| വാഴപ്പഴം | വാഴ -സിഗട്ടോക്ക രോഗം -വാഴയിലെ സിഗട്ടോക്ക രോഗത്തിനെതിരെ 20 ഗ്രാം സ്യൂഡോമൊണാസ് ഒരു ലിറ്റർ വെള്ളത്തിൽ കലർത്തി തളിച്ച് കൊടുക്കുക. രോഗം മൂർഛിക്കുന്ന അവസ്ഥയിൽ 1 ml പ്രൊപികൊണാസോൾ ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തെളിഞ്ഞ കാലാവസ്ഥയിൽതളിച്ച് കൊടുക്കുക. |
| പാക്ക് | കമുക് -മഹാളി രോഗം- അന്തരീക്ഷ ഈർപ്പം കൂടിയ സാഹചര്യമായതിനാൽ കമുകിലും തെങ്ങിലും മഹാളി രോഗം കാണാൻ സാധ്യതയുണ്ട്. അടയ്ക്കയുടെയും മച്ചിങ്ങയുടെയും തൊപ്പി ഭാഗത്തു നിന്ന് ചീഞ്ഞു വരുകയും അത് തൊപ്പി ഭാഗത്തു നിന്ന് വേർപെട്ടു അടർന്നു വീഴുകയും ചെയ്യുന്നു. ഇങ്ങനെ വീഴുന്ന അടക്കയുടെ അല്ലെങ്കിൽ മച്ചിങ്ങയുടെ ഉൾഭാഗം മുഴുവനായും ചീഞ്ഞിട്ടുണ്ടാകും. ഈ രോഗം തടയുന്നതിനായി കോപ്പർ ഓക്സി ക്ലോറൈഡ് 3 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തളിച്ച് കൊടുക്കാവുന്നതാണ്. |

| ഹോർട്ടി കൾച്ചർ | ഹോർട്ടി കൾച്ചർ നിർദ്ദിഷ്ട ഉപദേശം |
|---|---|
| കൊക്കിനിയ | കൂർക്ക -നടീൽ -ജൂലൈ - ഒക്ടോബർ മാസങ്ങൾ കൂർക്ക നടുന്നതിനു വളരെ യോജിച്ചതാണ്. നടുന്നതിനാവശ്യമായ വള്ളികൾ ലഭിക്കുന്നതിന് കിഴങ്ങുകൾ നഴ്സറികളിൽ വളർത്താം. ഒരു ഏക്കറിന് 68 മുതൽ 80 കിലോ വിത്ത് വേണ്ടി വരും. നിലം ഉഴുതോ കിളച്ചോ 15 മുതൽ 20 സെ മി ആഴത്തിൽ പാകപ്പെടുത്തണം. പിന്നീട് 30 സെ മീ അകലത്തിൽ ചെറിയ വരമ്പുകളോ 60 മുതൽ 90 സെ മീ വീതിയുള്ള തടങ്ങളോ തയ്യാറാക്കണം. നടീൽ സമയത്തു സെന്റ് ഒന്നിന് 40 കിലോ ജൈവവളം ചേർത്ത് കൊടുക്കണം |

## ലൈവ് സ്റ്റോക്ക് നിർദ്ദിഷ്ട ഉപദേശം:

| ലൈവ് സ്റ്റോക്ക് | ലൈവ് സ്റ്റോക്ക് നിർദ്ദിഷ്ട ഉപദേശം |
|---|---|
| ആട് | മൃഗസംരക്ഷണം-: ആട്ടിൻ കൂടു നിർമ്മിക്കുമ്പോൾ ഒരു ആടിന് 1m2 വിസ്തീർണ്ണമാണ് കണക്കാക്കുന്നത്. എന്നാൽ ഇത് പാലിക്കാതെ വരുന്ന അവസരങ്ങളിൽ ആടുകൾ തിങ്ങി പാർക്കുമ്പോൾ മഴക്കാലങ്ങളിൽ ശ്വാസകോശ സംബന്ധമായ അണുബാധയുണ്ടാകുന്നു. വായിൽ നിന്നും മൂക്കിൽ നിന്നും വരുന്ന വെള്ളയും മഞ്ഞയും നിറത്തിലുള്ള കട്ടികൂടിയ ദ്രാവകമാണ് ഇതിന്റെ ലക്ഷണം. ഇത്തരം ലക്ഷണങ്ങൾ കണ്ടാൽ ഉടൻ തന്നെ കൃത്യമായ ചികിത്സ നൽകാൻ ശ്രദ്ധിക്കുക. |

## കാലാവസ്ഥ മുന്നറിയിപ്പുകളുടെ സാധ്യതാപരമായ ആഘാതങ്ങൾ (പൊതുവായ):

| |
|---|
| വിളവെടുപ്പ് എത്രയും വേഗം നടത്തുക. കനത്ത മഴ പ്രതീക്ഷിക്കുന്നതിനാൽ കൃഷിയിടത്തിൽ ശരിയായ നീർവാർച്ച നൽകുക. വാഴകൾക്ക് താങ്ങുകാലുകൾ കൊടുക്കുക. പച്ചക്കറി പന്തലുകൾ കൂടുതൽ ബലപ്പെടുത്തുക. ഉച്ചകഴിഞ്ഞ് കന്നുകാലികൾക്കും കർഷകർക്കും ഇടിമിന്നൽ ഏൽക്കുന്നത് ഒഴിവാക്കാൻ തുറസ്സായ സ്ഥലങ്ങൾ ഒഴിവാക്കുക. കന്നുകാലി വളർത്തൽ / കോഴി വളർത്തൽ / മത്സ്യബന്ധനം: കനത്ത മഴ കാലത്ത് മൃഗങ്ങളെ ഷെഡിനുള്ളിൽ സംരക്ഷിക്കുക. അവയ്ക്ക് സമീകൃത തീറ്റ നൽകുക |

## പ്രഭാവ അധിഷ്ഠിത ഉപദേശം (സാധാരണ):

| |
|---|
| താഴ്ന്ന പ്രദേശങ്ങളിൽ കനത്ത മഴ വെള്ളപ്പൊക്കത്തിന് കാരണമാകും. കനത്ത മഴയുടെ ഫലമായി കൃഷിയിടം വെള്ളത്തിനടിയിലാകും, ഇത് വിളയുടെ പാകമാകുന്ന ഘട്ടത്തിൽ തന്നെ വിളയ്ക്ക് നാശമുണ്ടാക്കും. ശക്തമായ കാറ്റ് വാഴച്ചെടികൾ മറിഞ്ഞു വീഴാൻ കാരണമാകും. പന്തലുകളിലെ പച്ചക്കറികൾ ശക്തമായ കാറ്റ് മൂലം നശിക്കും. |

**Farmers are advised to download Unified �Mausam� and "Meghdoot" android application on mobile for Weather forecast and weather based Agromet Advisories and "Damini" android application for forecast of Thunderstorm and lightening.**

**Mausam MobileApp link: https://play.google.com/store/apps/details/**

**Meghdoot MobileApp link: https://play.google.com/store/apps/details**

**Damini MobileApp link : https://play.google.com/store/apps/details**